## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4202** — **06-03-2023 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പാക്കേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)**

7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 2500 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, 5000 കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവ നടപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ ബജറ്റിലും എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട്; കാസർകോട് പാക്കേജിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; സാമ്പത്തിക വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

**ഉത്തരം (എ)**

7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000കോടി രൂപയുടെ ഇടുക്കി പാക്കേജ്, 2500 കോടി രൂപയുടെ കുട്ടനാട് പാക്കേജ്, 5000കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവ നടപ്പാക്കുന്നതിന്, ഈ സർക്കാരിന്റെ കാലത്ത് ഓരോ ബജറ്റിലും നീക്കി വച്ചിട്ടുള്ള തുകയുടെ, സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് താഴെ പറയുന്നവയാണ്.

| **പാക്കേജ്** | **ബജറ്റിലെ തുക(കോടി)** | | |
|---|---|---|---|
| | **2021-22** | **2022-23** | **2023-24** |
| വയനാട് | 0 | 75 | 75 |
| ഇടുക്കി | 0 | 75 | 75 |
| കുട്ടനാട് | 120 | 98 | 148.2 |
| തീരദേശം | 280.97 | 0 | 0 |
| കാസർകോട് | 78.32 | 75 | 75 |

ഫിഷറീസ് വകുപ്പ് മുഖാന്തിരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2021-22 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2008.84 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.കാസർകോട് പാക്കേജിനുള്ള തുക വർധിപ്പിച്ചിട്ടില്ല.

**ചോദ്യം (ബി)**

ഈ പാക്കേജുകൾക്ക് നീക്കിവച്ച തുകയിൽ നിന്ന് ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

**ഉത്തരം (ബി)**

കുട്ടനാട് പാക്കേജിന് വേണ്ടി, വരുന്ന സാമ്പത്തിക വർഷങ്ങളിൽ, 1078.00 കോടി രൂപ അധികം സമാഹരിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. മറ്റു പാക്കേജുകൾക്കായി, വരുന്ന സാമ്പത്തിക വർഷങ്ങളിൽ, അധികം സമാഹരിക്കേണ്ടി വരുന്ന അന്തിമ തുക കണക്കാക്കിയിട്ടില്ല. മേൽ തുക കണക്കാക്കുന്ന മുറക്ക് പാക്കേജുകൾക്കനുസൃതമായി വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് തുക വകയിരുത്തുന്നതാണ്.

**ചോദ്യം (സി)**

ഈ സർക്കാരിന്റെ കാലത്ത് ഈ പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കും എന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് വരുന്ന

**ഉത്തരം (സി)**

കുട്ടനാട് പാക്കേജിന് വേണ്ടി, വരുന്ന സാമ്പത്തിക വർഷങ്ങളിൽ, 1078.00 കോടി രൂപ അധികം സമാഹരിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. മറ്റു

| | | | |
|---|---|---|---|
| | സാമ്പത്തിക വർഷങ്ങളിൽ എത്ര തുക അധികം സമാഹരിക്കേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ? | | പാക്കേജുകൾക്കായി, വരുന്ന സാമ്പത്തിക വർഷങ്ങളിൽ, അധികം സമാഹരിക്കേണ്ടി വരുന്ന അന്തിമ തുക കണക്കാക്കിയിട്ടില്ല. മേൽ തുക കണക്കാക്കുന്ന മുറക്ക് പാക്കേജുകൾക്കനുസൃതമായി വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് തുക വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ